# ISC SEMESTER 2 EXAMINATION
# SPECIMEN QUESTION PAPER
# MALAYALAM

---

***Maximum Marks: 40***

***Time allowed: One and a half hour***

*Candidates are allowed an additional* ***10 minutes*** *for* ***only*** *reading the paper.*

*They must* ***Not*** *start writing during this time.*

---

*Answer* ***Questions 1 and 2 in Section A*** *and* ***three*** *questions from* ***Section B*** *on* ***any three*** *out of the four prescribed textbooks.*

*The intended marks for questions or parts of questions are given in brackets. [ ]*

---

## SECTION A
## LANGUAGE - 19 MARKS

**Question 1** **[12]**

**Write a composition in approximately 300-350 words in Malayalam on any *one* of the topics given below:**

**താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഒന്നിനെപ്പറ്റി 300-350 വാക്കിൽ കുറയാതെ ഉപന്യാസം തയ്യാറാക്കുക**

(i) നിങ്ങളുടെ ജീവിതത്തിൽ മാതാപിതാക്കൾ ചെലുത്തുന്ന സ്വാധീനത്തെപ്പറ്റി വിവരിക്കുക.

(ii) 'സമയം അമൂല്യമാണ്'- ഉദാഹരണങ്ങൾ ഉദ്ധരിച്ച് സമർത്ഥിക്കുക.

(iii) 'വികസന പ്രവർത്തനങ്ങൾ ഗുണത്തോടൊപ്പം ദോഷങ്ങളും ഉണ്ടാക്കുന്നുണ്ട്' - ഈ വിഷയത്തെ അനുകൂലിച്ചോ പ്രതികൂലിച്ചോ പ്രതികരിക്കുക.

(iv) ആധുനിക യുഗത്തിലെ ഏറ്റവും ഫലപ്രദമായ ഒരു മാധ്യമമാണ് ചലച്ചിത്രം. നിങ്ങളുടെ അഭിപ്രായം വിവരിക്കുക.

(v) ആധുനിക കുടുംബങ്ങളിൽ സ്ത്രീകൾക്കുള്ള സ്ഥാനത്തെപ്പറ്റി

ഉപന്യസിക്കുക.

(vi) താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഒന്നിനെപ്പറ്റി ഒരു സ്വതന്ത്ര കഥ എഴുതുക

(a) ആത്മവിശ്വാസം

(b) അപ്രതീക്ഷിതമായ കണ്ടുമുട്ടൽ

**Question 2**

**Answer the following questions according to the instructions given:**

**താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശങ്ങളനുസരിച്ച് ഉത്തരം എഴുതുക:**

(i) താഴെ കൊടുത്തിരിക്കുന്ന തെറ്റായ പ്രസ്താവന തിരുത്തി എഴുതുക. **[1]**

സംസാര ഭാഷയ്ക്ക് വരമൊഴി എന്നും സാഹിത്യ ഭാഷയ്ക്ക് വാമൊഴി എന്നും പറയുന്നു.

(ii) ഒറ്റപ്പദം കണ്ടുപിടിക്കുക. **[1]**

ജനകനെ സംബന്ധിക്കുന്നവൾ

(a) ജനകി

(b) ജാനകി

(c) ജനകസംബന്ധി

(d) ജാനഗി

(iii) ഉചിതമായ പദം ചേർത്ത് വാക്യം പൂർത്തിയാക്കുക. **[1]**

ഒരു കഥ കളിച്ച് കാണിക്കുന്നതിനെയാണ് ____________ എന്ന് പറയുന്നത്.

(iv) താഴെ കൊടുത്തിരിക്കുന്ന ശൈലി (IDIOM) ഉപയോഗിച്ച് ഒരു വാക്യം നിർമ്മിക്കുക. **[1]**

ദീപാളികുളിക്കുക.

(v) താഴെ കൊടുത്തിരിക്കുന്ന പഴഞ്ചൊല്ലിന്റെ (PROVERB) ആശയം ഒറ്റവാക്കിലോ വാക്യത്തിലോ എഴുതുക. **[1]**

‘ഒത്തുപിടിച്ചാൽ മലയും പോരും’

(vi) താഴെ കൊടുത്തിരിക്കുന്നതിൽ “യാതൊരു ബോധവുമില്ലാതെ പ്രവർത്തിക്കുന്നവർ”-എന്ന ആശയത്തെ സൂചിപ്പിക്കുന്ന പഴഞ്ചൊല്ല് ഏത്? **[1]**

(a) ഒരു കലത്തിൽ രണ്ട് കറി വേവുകയില്ല

(b) ഒന്ന് ചീയുന്നത് മറ്റൊന്നിന് വളമാകും

(c) ഒന്നുകിൽ ആശാന്റെ നെഞ്ചത്ത് അല്ലെങ്കിൽ കളരിക്ക് പുറത്ത്

(d) ഒടിക്കാനും പറ്റില്ല തൊലിക്കാനും പറ്റില്ല

(vii) താഴെകൊടുത്തിരിക്കുന്നവയിൽ ശരിയായ പഴഞ്ചൊല്ല് ഏത്? **[1]**

(a) കുംഭത്തിൽ മഴ പെയ്താൽ കുപ്പിയിലും മാണിക്യം

(b) കോഴിക്കും തൻകുഞ്ഞ് പൊൻകുഞ്ഞ്

(c) ഇരുന്നിട്ടേ കാലു നീട്ടാവൂ

(d) അരചൻ വീണാലും പട മുന്നോട്ട്

## SECTION B
## LITERATURE - 21 MARKS

*Answer **three** questions from this section on **any three** out of the four prescribed textbooks.*

*നിർദ്ദേശിച്ചിരിക്കുന്ന നാല് പാഠപുസ്തകങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിൽ ഈ വിഭാഗത്തിൽ നിന്നുള്ള മൂന്ന് ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.*

### ഗദ്യ കൈരളി (GADYAKAIRALI)

**Question 3**

(i) "ആത്മഹത്യതന്നെ. യുധിഷ്ഠിരൻ ആ വൃദ്ധ ജനത്തെച്ചൊല്ലി വിലപിക്കുന്നതിനിടയിൽ പറഞ്ഞു":

(a) പാണ്ഡവർ ആ വൃദ്ധജനത്തെപ്പറ്റി കേട്ടത് എന്താണ്? **[1]**

(b) യുധിഷ്ഠിരൻ എന്താണ് പറഞ്ഞത്? **[2]**

(c) യുധിഷ്ഠിരൻ നേരിട്ട രണ്ടാമത്തെ പരീക്ഷണം എന്തായിരുന്നു? **[4]**

**അല്ലെങ്കിൽ (OR)**

(ii) "പക്ഷേ ഞാൻ അതെപ്പോഴേ വായിക്കാതെയായിരിക്കുന്നു. എന്റെ മനസ്സിൽ മുഴുവൻ അന്ന് വൈകുന്നേരത്തെ സംഭവമാണ്".

(a) മകൾ സാധാരണ ഗൃഹപാഠം ചെയ്യുന്ന രീതിയും ഇപ്പോഴത്തെ മാറ്റവും എങ്ങനെയായിരുന്നു? **[1]**

(b) അന്ന് വൈകുന്നേരം നടന്ന സംഭവം എന്തായിരുന്നു? **[2]**

(c) "അതൊരു വലിയ നുണ - ഒരു കല്ലുവച്ച നുണയായി എനിക്കനുഭവപ്പെട്ടു"- സന്ദർഭവും ആശയവും വിവരിക്കുക. **[4]**

# കാവ്യാഞ്ജലി (KAVYANJALI)

**Question 4**

(i) "ആതിരവരുന്നേരമൊരുമിച്ചു കൈകൾകോർ -
ത്തെതിരേൽക്കണം നമുക്കിക്കുറി, വരും കൊല്ല"

(a) കവി ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത്? **[1]**

(b) "എത്ര കൊഴുത്ത ചവർപ്പുകൾ കുടിച്ചു വറ്റിച്ചുനാം **[2]**

(c) ഇത്തിരി ശാന്തിതൻ ശർക്കര നുണയുവാൻ"- ആശയം വിശദമാക്കുക. **[4]**

**അല്ലെങ്കിൽ (OR)**

(ii) "ശ്രീഭൂവിലസ്ഥിര- അസംശയം- - ഇന്നു നിന്റെ-
യാഭൂതിയെങ്ങു, പുനരെങ്ങു കിടപ്പിതോർത്താൽ"

(a) കവി ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത്? **[1]**

(b) പൂവിന്റെ ശൈശവ ബാല്യ വിദ്യാഭ്യാസ കാലഘട്ടങ്ങൾ വിശദമാക്കുക. **[2]**

(c) പൂവിനെ ഒരു പെൺകുട്ടിയുടെ ജീവിതവുമായി താരതമ്യം ചെയ്തിരിക്കുന്നതിന്റെ ഔചിത്യം വിശകലനം ചെയ്യുക. **[4]**

# അസുരവിത്ത് (ASURAVITH)

**Question 5**

(i) "കള്ളനോട് തോന്നിയ വെറുപ്പ് പതുക്കെ മാഞ്ഞു വരുന്നതായി ത്തോന്നി"

(a) പുഴവെള്ളം നോക്കിനിൽക്കുന്ന നെബീസുവിന്റെ തോന്നൽ എന്തായിരുന്നു? **[1]**

(b) മതം മാറ്റത്തിന് ശേഷമുള്ള ഗോവിന്ദൻകുട്ടിയെപ്പറ്റി ബാപ്പു കേട്ടതും ചിന്തിച്ചതും എന്തെല്ലാം? **[2]**

(c) കള്ളനോട് തോന്നിയ വെറുപ്പ് ........ നെബീസുവിന്റെ ചിന്തകൾ വിവരിക്കുക. **[4]**

**അല്ലെങ്കിൽ (OR)**

(ii) “അനക്കമില്ലാതെ കിടക്കുന്ന കടും പച്ചനിറമുള്ള വെള്ളത്തിലേക്ക് നോക്കിക്കൊണ്ട് അയാൾ നിന്നു”-

(a) വെള്ളത്തിലേക്ക് നോക്കി അയാൾ ചിന്തിക്കുന്നത് എന്താണ്? **[1]**

(b) മതം മാറ്റത്തിലൂടെ ഗോവിന്ദൻകുട്ടി ചെയ്യാൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ എന്തെല്ലാം? **[2]**

(c) മതം മാറ്റത്തിന് ചെന്ന കെട്ടിടത്തിനകത്തെ കാഴ്ചകളും അപ്പോഴുണ്ടായ വികാരങ്ങളും ചുരുക്കി വിവരിക്കുക. **[4]**

## ആ മനുഷ്യൻ നീ തന്നെ (AA MANUSHYAN NEE THANNE)

**Question 6**

(i) “അവന് ഒരു മകളെപ്പോലെയും ആയിരുന്നു. ധനവാന്റെ അടുക്കൽ ഒരു വഴിയാത്രക്കാരൻ വന്നു”

(a) വഴിയാത്രക്കാരന് വേണ്ടി ധനവാൻ എന്താണ് ചെയ്തത്? **[1]**

(b) ഇസ്രായേലിനു വേണ്ടി ദൈവമായ യഹോവ എന്താണ് അരുളിചെയ്തത്? **[2]**

(c) പാപത്തിന്റെ ഫലം മരണം ഏറ്റെടുത്തു - ആശയം വിശദമാക്കുക **[4]**

**അല്ലെങ്കിൽ (OR)**

(ii) “ഇവിടെ ഇറച്ചിയല്ല അത്യാവശ്യം. അത് ഭക്ഷിക്കാനുള്ള ആളിനെയാണ്”

(a) ഇത് ആരുടെ വാക്കുകളാണ്? അതിന്റെ ആശയം എന്താണ്? **[1]**

(b) ആണുങ്ങൾ വായാടികൾ ആണെന്ന് പറഞ്ഞത് ആരാണ്? അതിനുള്ള കാരണം എന്ത്? **[2]**

(c) ഊറിയാവിനെ സ്വീകരിക്കാൻ തയ്യാറാകുന്ന ബത്ത്ശേബയുടെ മാനസികാവസ്ഥകളും അന്നയുടെ ആശ്വസിപ്പിക്കലും വിവരിക്കുക. **[4]**